# രാഷ്ട്രീയ ആക്ഷേപഹാസ്യം അയ്യപ്പപണിക്കരുടെ കവിതകളിൽ

**ഡോ. ദേവി കെ.**
അസിസ്റ്റന്റ് പ്രൊഫസർ
ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം
സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള
പെരിയ, കാസർകോട്.

**Article Link: https://aksharasurya.com/2023/07/devi-k/**

## പ്രബന്ധ സംഗ്രഹം (Abstract)

വ്യക്തിനിരാസത്തിൽ നിന്നുണ്ടാകുന്ന അനുഭവപരതയിലാണ് ആധുനികതയുടെ ജീവൻ. ആധുനികത കവിതയുടെ സ്വരൂപഘടനയിലും വൃത്തഘടനയിലും പ്രമേയസ്വീകരണത്തിലും നവീകരണം നടത്തിയ കവിയാണ് അയ്യപ്പപണിക്കർ. പണിക്കരുടെ കവിതയിലെ രാഷ്ട്രീയപ്രമേയങ്ങളെ പരിശോധിക്കുകയാണ് പ്രബന്ധത്തിൽ ചെയ്യുന്നത്. കറുത്ത ഹാസ്യം, ആക്ഷേപഹാസ്യം എന്നിവയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തികൊണ്ടാണ് പണിക്കരുടെ കവിതകൾ വേറിട്ട വ്യക്തിത്വം പുലർത്തുന്നത്. നർമ്മബോധത്തിലേക്ക് പരിണമിക്കുന്ന പ്രതീകാത്മകത പണിക്കർ കവിതയുടെ അന്തഃസത്തയെ ബലവത്താക്കുന്നു. പാമ്പ്, നിങ്ങൾ പറയുന്നു, പാർട്ട് ടൈം ഗാന്ധിയൻ, സാറും സാറാമ്മയും തുടങ്ങിയ രചനകളെയാണ് പ്രബന്ധം വിശകലനം ചെയ്യുന്നത്. സ്വാതന്ത്ര്യം എന്ന വാക്കിനെ അപനിർമ്മിക്കുന്നിടത്താണ് രാഷ്ട്രീയത്തിന്റെ യുക്തി പണിക്കർ വിശകലനം ചെയ്യുന്നത്. പ്രയോജനയുക്തമായവയുടെ സ്ഥാനത്ത് അപ്രധാനവും അസംഭവ്യവുമായ കാര്യങ്ങൾ ഇടം നേടുകയും ഇങ്ങനെ ചർവ്വണയിൽ മാത്രം ഒതുങ്ങുന്ന കോമാളിത്തമായി അധികാരം പരിണമിക്കുകയും ചെയ്യുന്നുണ്ട്. ഭരണം, ചൂഷണം എന്നീ ദ്വന്ദ്വങ്ങളിലാണ് രാഷ്ട്രീയ കവിതകളുടെ നിലനിൽപ്പ്. ആദർശങ്ങളെ മറിച്ചിട്ട് വ്യാഖ്യാനിക്കുന്നിടത്താണ് പുതിയ രാഷ്ട്രീയത്തിന്റെ മുഖം വെളിവാകുന്നത്.

**ആമുഖം**

ആധുനിക കവികളിൽ പ്രമുഖനായ അയ്യപ്പപ്പണിക്കർ വേറിട്ട രചനാവഴികൾകൊണ്ട് ശ്രദ്ധേയനാണ്. അയ്യപ്പപ്പണിക്കരുടെ രാഷ്ട്രീയ കവിതകളെ വിശകലന വിധേയമാക്കുകയാണ് പ്രബന്ധ ലക്ഷ്യം. അധികാരത്തിന്റെ പരികല്പനകൾ കാലഘട്ടത്തിനനുസരിച്ച് മാറുന്നു. പുതിയ കാലഘട്ടത്തിന്റെ അധികാര പരികല്പനകളെ ആക്ഷേപഹാസ്യത്തിന്റെയും കറുത്ത ഹാസ്യത്തിന്റെയും സാധ്യതകളിലൂടെ വെളിപ്പെടുത്തുകയാണ് കവി.

**Key words**: പൊളിറ്റിക്കൽ സറ്റയർ, ആധുനികത, കാർട്ടൂൺ കവിത, വിരുദ്ധോക്തി, പ്രതീകാത്മകത, അധികാരം, കറുത്തഹാസ്യം.

രാഷ്ട്രീയം എന്ന പദം രാഷ്ട്രം, ഭരണം, സമൂഹം എന്നീ പരികല്പനകളെ ഉൾക്കൊള്ളുന്നു. രാഷ്ട്രീയം എന്ന പദത്തിന് 'രാഷ്ട്രതന്ത്രം, രാഷ്ട്രത്തോടനുബന്ധിച്ച് രാജ്യത്ത് നടക്കുന്ന സംഘടിത പ്രവർത്തനം'[1] എന്നിങ്ങനെയുള്ള അർത്ഥങ്ങൾ കല്പിക്കാം. എന്നാൽ രാഷ്ട്രീയത്തിനുതുല്യമായി ഉപയോഗിക്കുന്ന Politics എന്ന പദം കുറച്ചുകൂടി അർത്ഥസാധ്യതകൾ മുന്നോട്ടുവയ്ക്കുന്നു. "Politika' എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് Politics എന്ന വാക്കിന്റെ ഉത്ഭവം. പരമാധികാര രാഷ്ട്രത്തെക്കുറിച്ച് ഗ്രീക്കാചാര്യന്മാരായ പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയവർ ഗൗരവതരമായി ചിന്തിക്കുകയും ആദർശരാഷ്ട്ര നിർമ്മാണവുമായി ബന്ധപ്പെട്ട ബൗദ്ധിക ചിന്തകൾ രേഖപ്പെടുത്തുകയും ചെയ്തു. പൊളിറ്റിക്സിന്റെ സാധ്യതകൾ പാശ്ചാത്യലോകം ഏറെക്കാലം മുൻപുതന്നെ ചർച്ചാവിധേയമാക്കി. Politics എന്ന പദത്തിന് 'സർക്കാരിന്റെ ശാസ്ത്രവും കലയുമാണ് പൊളിറ്റിക്സ്.' രാഷ്ട്രത്തിന്റെ ഭരണം, പദ്ധതി രൂപീകരണം തുടങ്ങിയവുമായി ബന്ധപ്പെട്ടുനിൽക്കുന്നു. ഈ ശാസ്ത്രം മറ്റു രാഷ്ട്രങ്ങളുമായി പുലർത്തുന്ന നയതന്ത്ര ബന്ധത്തിലും ഊന്നുന്നു.[2]

ഇങ്ങനെ നോക്കുമ്പോൾ പൊളിറ്റിക്സ് രാഷ്ട്രം ഭരണം, അധികാരം, സാമൂഹിക ഘടന എന്നിങ്ങനെ നിരവധി അടരുകളുമായി ബന്ധപ്പെട്ടുനിൽക്കുന്നു. പൊളിറ്റിക്സ് സൂക്ഷ്മമായി പരിശോധിക്കുമ്പോൾ പോളിസി എന്ന വാക്കിനോടും ഗാഢബന്ധം പുലർത്തുന്നതായി കാണാം. സ്വീകാര്യമായ നയത്തിനനുസരിച്ച് രാഷ്ട്രീയത്തിന്റെ അർത്ഥപരികല്പനകൾ മാറുന്നു. സാമൂഹികമായ തലത്തിൽ നോക്കുമ്പോൾ മനുഷ്യസമൂഹത്തിനുമേലുള്ള അഥവാ രാജ്യത്തിനുമേലുള്ള നിയന്ത്രണമായി 'പൊളിറ്റിക്സി'നെ കാണാം. നിയമനിർമ്മാണം, സാമ്പത്തികം, അധികാരവിന്യസനം എന്നിങ്ങനെ ഭരണ-സാമൂഹിക തലങ്ങൾ പൊളിറ്റിക്സിനുണ്ട്. 'രാഷ്ട്രീയമെന്നാൽ അധികാരമാണ്'[3] എന്ന നിർവചനം ശ്രദ്ധേയമാണ്. അധികാരവും രാഷ്ട്രീയവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്.

മാർക്സിസ്റ്റ് വീക്ഷണം അധികാരത്തെ സാമൂഹിക ഘടനയെ നിർണ്ണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ശക്തിയായി കണക്കാക്കുന്നു. മാർക്സിയൻ പ്രത്യയ ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ അന്റോണിയോ ഗ്രാംഷി അധികാരത്തെ വിശദീകരിക്കുന്നതിങ്ങനെയാണ് 'പ്രത്യയശാസ്ത്രത്തിന്റെ പങ്ക് വിപുലീകരിക്കുകവഴി സൃഷ്ടിച്ചെടുക്കുന്ന സാംസ്കാരികാധീശത്വമാണ്.'[4]

ഫൂക്കോയുടെ പരികല്പനയനുസരിച്ച് അധികാരം പരമാധികാരത്തിൽ നിന്നുണ്ടാകുന്നു. അതായത് മുതലാളിവർഗ്ഗസമൂഹത്തിന്റെ ചിന്താപദ്ധതികളിലൂടെ നിലനിൽക്കുന്നു. ഈ അധികാരം കച്ചവടമുതലാളിത്തത്തേയും സാമൂഹികഘടനയുടെ സ്വഭാവത്തേയും ആസ്പദമാക്കിനിലകൊള്ളുന്നു.[5]

ഇങ്ങനെ സാമൂഹികഘടനയിൽ മേൽക്കോയ്മ നേടുന്നവരുടെ ഇടപെടലുകളായി അധികാരം മാറുന്നു. അധികാരപരികല്പനകൾ കാലഘട്ടത്തിനനുസരിച്ച് മാറ്റപ്പെടാം. ഈ മാറ്റം അതിന്റെ സാമൂഹ്യസംഘടനകളിലും പ്രകടമാകുന്നു. മനുഷ്യജീവിതത്തിൽ നിന്ന് അടർത്തിമാറ്റാൻ കഴിയാത്ത ഒന്നായി അധികാരം നിലകൊള്ളുന്നു.

ഓരോ കാലഘട്ടത്തിലേയും അധികാരസ്വരൂപങ്ങൾ സാഹിത്യത്തിനു വിഷയമായിട്ടുണ്ട്. സൂക്ഷ്മാർത്ഥത്തിൽ സാഹിത്യം സാമൂഹിക പരിച്ഛേദമാണ് എന്നാൽ വൈയക്തികമായ പ്രത്യയശാസ്ത്രതാത്പര്യങ്ങൾ സാഹിത്യത്തിൽ കടന്നുവരികവഴി അവ ഏകപക്ഷീയ സാഹിത്യമാകുന്നു. അധികാരകേന്ദ്രങ്ങളെ പ്രീതിപ്പെടുത്തുന്നതിലുപരി അവയെ വിമർശിക്കേണ്ടിവരുമ്പോൾ സാഹിത്യവും കലയും അതിനുള്ള മറ്റൊരുപാധിയാകുന്നു. കലയും സാഹിത്യവും അധികാരകേന്ദ്രങ്ങളുടെ തെറ്റായ പ്രവർത്തനങ്ങളെ ചൂണ്ടിക്കാട്ടി ഒരു അഞ്ചാം എസ്റ്റേറ്റായി നിലനിൽക്കുന്നു. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ബ്രിട്ടീഷ് ആധിപത്യത്തോടുള്ള എതിർപ്പ് പിന്നീട് ജാത്യധികാരത്തിനും ഫ്യൂഡലിസ്റ്റിക് സാമൂഹികാധികാര വ്യവസ്ഥയ്ക്കെതിരെയുള്ള എതിർപ്പായി മാറി. ആധുനികതയുടെ കടന്നുവരവോടെ രാഷ്ട്രീയ–സാഹിത്യ പ്രമേയങ്ങളിൽ മാറ്റമുണ്ടായി.

ആക്ഷേപഹാസ്യങ്ങളിൽ സവിശേഷമായതാണ് രാഷ്ട്രീയാക്ഷേപഹാസ്യം. മറച്ചു വയ്ക്കപ്പെട്ട രാഷ്ട്രീയ സാധ്യതകളെ പ്രയോജനപ്പെടുത്തുകയാണ് പൊളിക്കൽസറ്റയറുകളിൽ ചെയ്യുന്നത്. അരിസ്റ്റോഫെനീസിന്റെ കൃതികളാണ് ഇതിലെ ഏറ്റവും പഴയ മാതൃകകൾ. ഭാരതീയ ദശരൂപകങ്ങളിലൊന്നായ പ്രഹസനത്തിൽ രാഷ്ട്രീയാക്ഷേപഹാസ്യങ്ങളുമുണ്ട്. ഏകാധിപത്യസമൂഹത്തിൽ രാജാവിനെ വിമർശിക്കാനധികാരമില്ലാത്ത ഒരു സമൂഹത്തിന് അവലംബിക്കേണ്ടിവന്ന മാർഗ്ഗമായിരുന്നു അത്. കഥയിലൂടെ അധികാരത്തിന്റെ ദൂഷ്യവശങ്ങളെ അവതരിപ്പിക്കുക. ഹാസ്യത്തിന്റെ മേമ്പൊടിയോടുകൂടിയ അവതരണം പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടുകയും സംഘർഷം കുറയ്ക്കുകയും ചെയ്യുന്നു. ഇതേ മാതൃകകൾ തന്നെയാണ് ചാക്യാർകൂത്തിലും കാണുക. മുഖത്തെഴുതിക്കഴിഞ്ഞാൽ അയാൾ സാമാന്യനായ പ്രജയല്ല. അസാമാന്യനായ കലാകാരനാണ്. കലാകാരന്റെ സ്വാതന്ത്ര്യത്തെ അയാൾ അതിമനോഹരമായി വിനിയോഗിക്കുന്നു. പുരാണ കഥകളേയോ കഥാസന്ദർഭങ്ങളേയോ ആണ് വിമർശനോപാധിയാക്കിയത്. പുരാണ കഥാപാത്രങ്ങളിലൂടെ സമകാലികാധികാരികളുടെ ഭരണത്തിലെ പിഴവുകൾ ഹാസ്യരൂപേണ അവതരിപ്പിക്കുന്നതിലൂടെ രാഷ്ട്രീയാക്ഷേപ ഹാസ്യത്തിന്റെ സാധ്യതകൾ കൂത്ത് തുറന്നുതന്നു. ഇതേ മാതൃക പിന്നീട് കുഞ്ചൻ നമ്പ്യാർ പിൻതുടർന്നു. ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിനെതിരെയുള്ള പരിഹാസങ്ങൾ തുള്ളലിലുടനീളം കാണാം.

**'നാടുവാഴികളെണ്ണമേറുമ്പോളവർ തന്റെ**
**നാടുപാഴിലാക്കീടുമന്യോന്യം കലഹിക്കും;**
**ഞാനത്രേ യജമാനൻ, ഞാനത്രേ യജമാനൻ**
**താനത്ര ഞെളിയാതടങ്ങിപ്പാർത്തുകൊണ്ടാലും'**
**(സഭാപ്രവേശം തുള്ളൽ)**

**'രാജ്യകാര്യങ്ങളെ ക്ലേശിക്കയെന്നൊരു**
**വ്യാജം നടിച്ചുസമസ്തസാധുക്കളെ**
**തേജോവധം ചെയ്തുവിത്തമാർജ്ജിച്ചുകൊ-**
**ണ്ടാജീവനാന്തം ഭ്രമിക്കുന്നിതുചിലർ'**
**(ഹരിണീസ്വയംവരം)**

എന്നിങ്ങനെ നമ്പ്യാരും രാഷ്ട്രീയാക്ഷേപഹാസ്യങ്ങൾക്ക് പ്രചാരം നൽകി. നാടോടി നാടകങ്ങളായ പൊറാട്ടുനാടകങ്ങളും

രാഷ്ട്രീയാക്ഷേപഹാസ്യ മാതൃകകൾ അവതരണത്തിൽ പ്രയോഗിച്ചു. തിരുവിതാംകൂറിലെ അധികാര ദുഷ്പഭുത്വത്തെ ലക്ഷ്യംവയ്ക്കുന്ന രാഷ്ട്രീയാക്ഷേപഹാസ്യങ്ങളായിരുന്നു ഇ.വി. കൃഷ്ണപിള്ളയുടെ പ്രഹസനങ്ങൾ. എം.എൽ.സി. തുടങ്ങിയ പ്രഹസനങ്ങൾ ഉദാഹരണമാണ്. റിയലിസവും ആധുനികതയും രാഷ്ട്രീയസാമൂഹിക സാഹചര്യങ്ങളെ വിമർശനവിധേയമാക്കിയിട്ടുണ്ട്. എൻ.വി.യുടെ എലികൾ, ചെമ്മനം ചാക്കോയുടെ ആളില്ലാക്കസേരകൾ എന്നിവ ഉദാഹരണമായി പറയാവുന്നതാണ്. ആധുനികത ഇതിൽനിന്നു ഭിന്നമായ ഒരു മാനദണ്ഡമാണ് മുന്നോട്ടുവച്ചത്. അയ്യപ്പപ്പണിക്കരാണ് ഒരുപക്ഷെ രാഷ്ട്രീയാക്ഷേപഹാസ്യത്തെ ഏറ്റവും ഫലപ്രദമായി കവിതയിലുപയോഗിച്ചത്. കാവ്യരചനയ്ക്ക്, സംവാദമാതൃകകൾ, പാരഡികൾ, കൊളാഷ് രീതികൾ/കാർട്ടൂൺ രീതി എന്നിവയൊക്കെ അയ്യപ്പപ്പണിക്കർ ഉപയോഗിക്കുന്നുണ്ട്. ജനാധിപത്യത്തിന് രണ്ട് ഭാഗങ്ങളുണ്ട്. ജനം, ആധിപത്യം. ആധിപത്യ വ്യവസ്ഥിതിയെയാണ് പണിക്കർ പരിഹാസവിധേയമാക്കുന്നത്. ഫൂക്കോ ജനസമൂഹ ത്തിന് കുറുകെ സഞ്ചരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന അധീശത്വവ്യവസ്ഥയായി അധികാരത്തെ നിർവ്വചിക്കുന്നുണ്ട്. ഇവിടെ അധികാരം ജനങ്ങളെ കബളിപ്പിക്കുകയും ഊറ്റിക്കുടിക്കു കയും ചെയ്യുന്ന ഒരു ബദൽ വ്യവസ്ഥയായി മാറുന്നിടത്താണ് പരി ഹാസത്തിന് പ്രസക്തിയുള്ളത്. എല്ലാം കാർട്ടൂണായി മാറുന്നതും

ഈ സാഹചര്യത്തിലാണ്................

ആധുനികത, കവിതയിലെ നവീകരണകാലമാണ്. ഈ നവീ കരണം പാരമ്പര്യത്തെ പൂർണ്ണമായി നിഷേധിക്കുന്നിടത്തല്ല, സമ്പൂർണ്ണമായി അഴിച്ചുപണിയുന്നിടത്താണ്. പാരമ്പര്യവും ആധു നികതയും തമ്മിലുള്ള ഏറ്റുമുട്ടലിന്റെ സന്ധി പണിക്കരുടെ കവിത കളിൽ വൈരുദ്ധ്യാത്മകതയുടെ എന്നപോലെ നർമ്മത്തിന്റെയും പ്രഭവമാകുന്നു. രചനയിലും പണിക്കരുടെ കവിതകൾ വ്യത്യസ്തത പുലർത്തുന്നുണ്ട്. വൃത്തസ്വീകരണം, വൃത്തനിരാസം, ചൊൽക്കെട്ടു കൾ, ശബ്ദസന്നിവേശങ്ങൾ എന്നിങ്ങനെ വ്യത്യസ്ത ശൈലികളി ലൂടെ കടന്നുപോകുന്ന കവിത പ്രമേയവൈചിത്ര്യത്തിനനുസരിച്ച് അതിന്റെ രൂപഭാവശില്പങ്ങൾ സ്വീകരിക്കുന്നു. സമകാലികമെന്നു തോന്നുമെങ്കിലും കാലാതിവർത്തിയായ പ്രമേയങ്ങളാണ് കവി തയ്ക്ക് ഗഹനത നൽകുന്നത്. അന്തസ്സാരശൂന്യമായ ഒരു വിഷ

യവും ആ കവിതകളിലില്ല. കവി കേവലം കാർട്ടൂൺ സമൂഹത്തെ / അധികാരത്തെ ചിത്രീകരിച്ച് മാറിനിൽക്കുന്നു. വൈയക്തികമായ യാതൊന്നും അതിലില്ല.

നർമ്മബോധത്തിലേക്കു പരിണമിക്കുന്ന പ്രതീകാത്മകത പണിക്കർ കവിതയുടെ അന്തസത്തയെ ബലവത്താക്കുന്നു. ജനാധിപത്യം അധികാരക്കച്ചവടമാകുന്ന കാലത്ത് വാസ്തവങ്ങളേക്കാൾ വിശ്വസനീയമായ കളവുകൾക്കാണ് പ്രാമാണ്യം. ഇങ്ങനെ കുഴഞ്ഞുമറിഞ്ഞ ഒരു ലോകത്തിനുമുകളിൽ കയറിനിന്നുകൊണ്ട് നിസ്സംഗനായി ചിരിക്കുകയാണ് പണിക്കർ ചെയ്യുന്നത്. ഇവിടെ എഴുത്തുകാരനില്ല. ലോകത്തിന്റെ പരിച്ഛേദം മാത്രമേയുള്ളൂ.

സമകാലിക രാഷ്ട്രീയത്തിന്റെ പൊള്ളത്തരങ്ങൾ വെളിവാക്കുന്ന കവിതകളിൽ ചിലത് പരിശോധിക്കുമ്പോൾ പാമ്പ് എന്ന കവിത വേറിട്ടു നിൽക്കുന്നു. ''പക്ഷെ, പാമ്പിന് ആപ്പീസിൽ പോകണ്ടേ? ഇന്റർനെറ്റും ഇ–മെയിലും നോക്കേണ്ടേ? ഒപ്പിടേണ്ടേ? ഇതൊന്നുമില്ലാത്ത തൊഴിലില്ലാപ്പാമ്പായിരിക്കും എന്റെ കാലുപിടിക്കാനും മാത്രം മോശക്കാരായ പാമ്പുകളുണ്ടോ?''[6]

ഈ കവിത അനേകം അന്തർധാരകളുള്ള ഒരു കവിതയാണ്. പാമ്പ് തൊഴിലില്ലാത്ത, അധികാരത്തിന്റെ കാലുപിടിക്കാൻ നടക്കുന്ന നിസ്വരുടെ പ്രതിനിധിയും അതേസമയം അധികാരവൃക്ഷത്തിന്റെ തലയിലേക്കുകയറാൻ എന്തു കുതന്ത്രവും ചെയ്യുന്ന വിഷത്വവുമാകുന്നു. കവിതാന്ത്യത്തിലേക്കുവരുമ്പോൾ ഈ പാമ്പ് രതിയും മൃത്യുവുമായി മാറുന്നു.

**'നീ ജീവിതമോ? മരണമോ?**
**രണ്ടും നീ തന്നെയോ?**
**എന്നേ ഞാൻ കാത്തിരിക്കുന്നു'**[7]

പാരഡിയുടെ സാധ്യതകളും കവിതയിലുപയോഗിച്ചിട്ടുണ്ട്. പരമ്പരാഗതമായ കാവ്യശൈലിയ്ക്കുപുറത്തു നിൽക്കുന്നിടത്താണ് കവിതയുടെ വിജയം.

'ആടൂപാമ്പേ തെളിഞ്ഞാടുപാമ്പേ
വേണ്ടതെന്താണെന്നു പറയൂപാമ്പേ'[8]

ആത്മജ്ഞാനത്തിന്റെ പ്രതീകമാകുന്ന പാമ്പും ലൗകികതയുടെ പ്രതിനിധിയാകുന്ന പാമ്പും കൂട്ടിമുട്ടുന്നിടത്തുണ്ടാകുന്ന വൈരുദ്ധ്യാത്മകതയാണ് ഈ കവിതയിലെ നർമ്മം. കാലമാകുന്ന പാമ്പ് മരണത്തിന്റെ മൂർത്താവിഷ്ക്കാരമാണെങ്കിൽ ഫ്രോയിഡിയൻ സങ്കല്പത്തിലെ സർപ്പദർശനം കാമാർത്തിസൂചകമാകുന്നു.

അങ്ങനെ കാമനും കാലനുമാകുന്ന പാമ്പ് ആരുടേയും കാലിൽചുറ്റാൻ മടിക്കാത്ത നവയുവത്വത്തിന്റെ അധികാരമോഹത്തിന്റെ കൂടി പ്രതീകമായി മാറുകയാണ് ചെയ്യുന്നത്.

അധികാരത്തോട് കൂറുപുലർത്തി നിലത്തിഴയുന്ന പാമ്പുകളെപ്പോലെ തന്നെ സ്വാതന്ത്ര്യം എന്ന വാക്കിനെക്കുറിച്ച് ഗഹനമായി ചിന്തിക്കുന്ന ഒരു വിഭാഗവുമുണ്ട്. അങ്ങനെ സ്വാതന്ത്ര്യമെന്ന വാക്കിന്റെ സൂക്ഷ്മാർത്ഥതലങ്ങളെ വിശകലനവിധേയനാക്കുമ്പോഴും പരിഹാസത്തിന്റെ നേർത്തതും കൂർത്തതുമായ ഒളിയമ്പുകൾ പണിക്കർ എയ്യുന്നുണ്ട്.

**'മര്യാദയില്ലാത്തവർക്ക്**
**നിന്നുംകിടന്നും പിഴയ്ക്കാൻ പ്രയാസം**
**ഇതാണോ സ്വാതന്ത്ര്യം? ഞാനും**
**മഹാത്മാഗാന്ധിയും**
**പെടാപ്പാടുപെട്ടുനേടിയ സ്വാതന്ത്ര്യം'[9]**
**(നിങ്ങൾ പറയുന്നു)**

സ്വാതന്ത്ര്യം എന്ന പദം ഏറെ സംവാദങ്ങൾക്ക് ഹേതുവായിട്ടുണ്ട്. സ്വതന്ത്രൻ എന്നാൽ എന്തും ചെയ്യാൻ കഴിയുന്നവനെന്നാണോ അതോ ഭരണഘടനാനുസൃതമായി പ്രവർത്തിക്കുന്നവനെന്നാണോ അർത്ഥമാക്കേണ്ടത്. സ്വതന്ത്ര്യം എന്ന വാക്കിനെ ഇഷ്ടാനുസരണം വ്യാഖ്യാനിക്കുന്ന മര്യാദകെട്ടവരുടെ കാലമാണ് കവിതയിൽ ഹാസ്യരൂപേണ അവതരിപ്പിക്കുന്നത്. ത്യാഗമനുഷ്ഠിച്ച പഴയതലമുറയുടെ പിൻതുടർച്ചക്കാരെന്നുനടിക്കുകയും ത്യാഗരഹിതരും ഭോഗതത്പരരുമായി ജീവിക്കുന്ന ഒരു കൂട്ടം ഉയർന്നുവരുകയും ചെയ്തു. ഈ ഉയർച്ച സാമൂഹിക അധികാരസങ്കല്പങ്ങളെയും അധികാരഘടനയെയും മറിച്ചിടുന്നുമുണ്ട്.

'പാർട്ട്ടൈം ഗാന്ധിയൻ' എന്ന കവിതയിലും പരിഹാസത്തിന്റെ മറയ്ക്കിടയിൽ തെളിയുന്ന സാമൂഹിക-രാഷ്ട്രീയ ചിത്രം വ്യക്തമാണ്.

**'ഈ നീണ്ടുതടിച്ചുകൂറിയ മനുഷ്യൻ**
**സോവിയറ്റ് ലാൻഡില്ലാത്ത**
**നെഹ്റു അവാർഡ്പോലെ**
**ഒരു ദുർബലഹൃദയത്തിന്റെ**
**രോമാഞ്ചമായിരുന്നു.'[10]**

വിപരീത ധ്വനികൾകൊണ്ട് പുറംപൂച്ചുകളെ തകർക്കുകയാണ് പണിക്കർ. അനാഥപ്രേമി, സന്ദർഭാനുസൃത മതേതരൻ, സത്യാന്വേഷണ പരീക്ഷകൻ തുടങ്ങിയ പ്രയോഗങ്ങൾ സത്യത്തിന്റെ മറുകര

യിലേക്ക് വിരൽചൂണ്ടുന്നു. എഴുത്തുകാരന്റെ വൈയക്തികാനുഭവത്തിന്റെ അഭാവം ഈ രചനകളെ സവിശേഷമാക്കുന്നു. സമ്പത്തിന്റെ സർവ്വാശ്ലേഷത്തിൽ ജീവിക്കുകയും സാധുക്കൾക്കുനേരെ മുതലക്കണ്ണീർ പൊഴിക്കുകയും ചെയ്യുന്ന രാഷ്ട്രീയക്കാരുടെ ഇരട്ടമുഖമാണിവിടെ വെളിവാകുന്നത്. പ്രത്യയശാസ്ത്രത്തിന്റെ മാറ്റം സാമൂഹികമാറ്റത്തെ എങ്ങനെ ബാധിക്കുന്നുവെന്നതിന്റെ സൂചനയും ഈ കവിതയിലുണ്ട്. 'ആഗോള'വും രാഷ്ട്രീയാക്ഷേപ ഹാസ്യകൃതിയാണ്. പരിഹാസത്തിന്റെ ഉച്ചരാശിയാണ് യഥാർത്ഥത്തിൽ ആഗോളം. കമ്പോളവത്കരണവും അധികാരത്തിന്റെ മുട്ടാപ്പോക്കുകളുമാണ് വിഷയം. നടക്കാത്ത കാര്യങ്ങൾക്കുവേണ്ടി ധനം ദുർവിനിയോഗം ചെയ്യുകയും പ്രസ്താവനയിൽ മാത്രം ഒതുങ്ങുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്ന അധികാരകാപട്യമാണ് വിമർശനവിഷയമാകുന്നത്. ഇവിടെ ധ്വന്യാത്മകമായ പരിഹാസമാണ് കാണുക. ആഗോളമുതലാളിത്തത്തിന്റെ പ്രത്യയശാസ്ത്രങ്ങൾക്കനുസരിച്ച് രൂപപ്പെടുന്ന നവാധികാരം കവിതയിൽ തെളിയുന്നുണ്ട്. 'കേരങ്ങളുടെ ശരാശരി ഉയരം 5 അടി എന്നു നിശ്ചയിക്കണം അതോടൊപ്പം കേരങ്ങൾ ഒരു സ്ഥലത്തു തന്നെ സ്ഥിരമായി നിൽക്കുന്നതിനുപകരം ടൂറിസ്റ്റുകൾ ധാരാളമായി വരുന്ന ഇടങ്ങളിലേക്ക് നടന്നുചെല്ലാനുള്ള സംവിധാനം ഉണ്ടാകണം.'[11] മന്ത്രിസഭാ തീരുമാനങ്ങളുടെ അയുക്തികത ജനാധിപത്യത്തിന്റെ നിരർത്ഥകമായ അധികാര സൂചിയെ വെളിപ്പെടുത്തുന്നു. ഭൂചലനം അഥവാ സാറും സാറാമ്മയും എന്ന കവിത ആദ്യകാല കഥകളെപ്പോലെ നർമ്മരസനാമമായി നിലകൊള്ളുന്നു. ഓരോ സംഭവങ്ങളും രാഷ്ട്രീയവത്ക്കരിക്കപ്പെടുന്നതിന്റെ രീതിശാസ്ത്രമാണ് കവിത വെളിപ്പെടുത്തുന്നത്. ഭൂകമ്പം നിർത്താൻ വേണ്ടി നിർദ്ദേശങ്ങൾ കൊടുക്കുന്ന പാർട്ടി നേതാവ്. നിരർത്ഥകമായ ലോകത്തെ അധികാരക്കൊതിയുടെ പ്രതിനിധിയാണ്. എന്തിനേയും രാഷ്ട്രീയവത്ക്കരിച്ച് പൊതുജനങ്ങളെ വിഡ്ഢികളാക്കുന്ന രാഷ്ട്രീയ പാപ്പരത്തമാണ് ഇവിടെ പരിഹാസവിധേയമാകുന്നത്. ഭരണം എന്ന കവിതയും ഗദ്യ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന കവിതയാണ്.

'സാറുള്ളപ്പോൾ വേറെ സ്വാശ്രയ മൂട്ടവരില്ലല്ലോ?'[12] ജനാധിപത്യത്തിന്റെ വെളുത്തവിരിപ്പിൽ പതുങ്ങിയിരുന്ന് സാധാരണക്കാരന്റെ ചോരയൂറ്റിക്കുടിക്കുന്ന മൂട്ടകളാകുകയാണ് നേതാക്കന്മാർ.

സമൂഹത്തിന് തുറന്നുപറയാൻ വിഷമമുള്ള സത്യങ്ങളാണ് കവി വിളിച്ചുപറയുന്നത്. വൈയക്തികാഭാവമോ രാഷ്ട്രീയ താത്പര്യ ങ്ങളോ കവിക്കില്ല. 'അധികാരം' ഏതു വ്യവസ്ഥയിലും രൂപാന്തരം പ്രാപിച്ച് ആത്മവത്തയിൽ തനതായിത്തന്നെ നിലനിൽക്കും എന്ന സത്യം കണ്ടെത്തുകയാണ് കവി. അസംബന്ധമെന്നു തോന്നാവുന്ന പലതും കൂട്ടിച്ചേർക്കുമ്പോഴുണ്ടാകുന്ന സംബന്ധതയാണ് കവിത യുടെ പരിഹാസ ധ്വനി വൈചിത്ര്യത്തിനു ഹേതുവാകുന്നത്. വാർത്താതലക്കെട്ടുകളുടെ വായനയിലാണ് ഈ അസംബന്ധതയുടെ ചരട് നിബന്ധിച്ചിരിക്കുന്നത്. മാധ്യമങ്ങളിലുള്ള വിശ്വാസ്യത നഷ്ടമാകുന്ന കാലചിത്രണ ത്തിലേക്കും കവിത വിരൽചൂണ്ടുന്നു. 'ഇന്ത്യ പാക്കിസ്ഥാനെ തോൽപ്പിക്കാതെ കളി ജയിച്ചു. ഇൻഡോസൽഫാൻ സൗഹൃദത്തിനുവേണ്ടി രക്തസാക്ഷികളായി.'[13] എൻഡോസൾഫാൻ വാക്കിനെ അപനിർമ്മിച്ച് ഇൻഡോസൾഫാൻ എന്നുതിരുത്തുന്നിടത്തും അതിനോട് ചേർത്ത് ഇന്ത്യാ പാക്കിസ്ഥാൻ വാർത്ത വായിക്കുന്നിടത്തും ഈ അയുക്തികതയുടെ യുക്തി വെളിവാകുന്നു. വാസ്തവങ്ങളേക്കാൾ വ്യാഖ്യാനങ്ങൾക്ക് പ്രാമുഖ്യമേറുന്ന കാലത്ത് 'എനിക്കനുകൂലമായി വേണ്ടേ വായിച്ചെടുക്കാൻ' എന്നു ചോദിക്കുന്ന നേതാവ് വ്യാഖ്യാനങ്ങൾ രാഷ്ട്രീയവത്ക്കരിച്ച് ജനങ്ങളെ കബളിപ്പിക്കുന്ന അധികാരവ്യവസ്ഥയുടെ പ്രതിനിധിയാണ്.

പുല്ലും പുഴുവും സമ്മതിദായകരായ കുടുംബക്കാരാണെന്ന പുതുബോധ്യമാണ് ഞാനൊരു ത്യാഗി എന്ന കവിത 'പോവുക പെരുകുക വെട്ടിയെടുക്കുക' എന്ന സൂക്തം ഉരുവിട്ടുകൊണ്ട് മുന്നേറുകയാണ് അഭിനവത്യാഗികൾ. ഗാന്ധിയുടെ ത്യാഗബുദ്ധി പുതിയകാലത്ത് 'ത്യാഗനേട്ടം, നേട്ടം ത്യാഗം' എന്നായിത്തീരുന്നു. 'ഗാന്ധിജി വലിയൊരു മഹാത്മജിയാകാമെന്നാലങ്ങോരെന്തോനേടി?' എന്നു ചോദ്യം ചോദിക്കുകയും അതിനാൽ ഞാൻ ഈ ലോകത്തെ എന്റെ തറവാട്ടുവകയാക്കി അതിന്റെ ലാഭവിഹിതം കൊണ്ട് കുടുംബംകൊഴുപ്പിക്കും എന്നു നിശ്ചയിക്കുന്നവനിലേക്ക് 'ഗാന്ധിസം' പരിണമിച്ചിരിക്കുന്നു. ഈ അന്തരം ആദർശവത്കൃതമായ രാഷ്ട്രീയത്തിന്റെ സ്ഥാനത്ത് വൈയക്തിക സുഖം ഇടം നേടുന്നതിന്റെ ചിത്രം വ്യക്തമാക്കുന്നു.

'എന്തിനുവെറുതേയാദർശത്തിൻ പൊന്തയിലിറുകി യൊളിച്ചുവസിക്കണം' എന്നു ചിന്തിക്കുന്ന സുഖാന്വേഷണ വേദിയായി രാഷ്ട്രീയം പരിണമിക്കുന്നു.

ആപേക്ഷഹാസ്യമെന്നോ കറുത്ത ഹാസ്യമെന്നോ വിശേഷിപ്പിക്കാവുന്ന ഈ കവിതകൾ ആഖ്യാനസവിശേഷതകൊണ്ട് വേറിട്ട വ്യക്തിത്വം പുലർത്തുന്നു.

രാഷ്ട്രീയം രണ്ട് വിഭാഗങ്ങളെ ഉൾകൊള്ളുന്നു. സമ്മതരും വിസമ്മതരും. ഇത് തമ്മിലുള്ള സംഘർഷമാണ് രാഷ്ട്രീയത്തിന്റെ അടിസ്ഥാനം. എന്നാൽ ഇത്തരം സംഘർഷാവസ്ഥകൾ കവിതയിലി ല്ല. അപചയം നേരിടുന്ന അധികാരവ്യവസ്ഥയെ നിർവീകാരതയുടെ ചൂണ്ടുവിരൽകൊണ്ട് അടയാളപ്പെടുത്തുക മാത്രമാണ് കവി ചെയ്യു ന്നത്.

**ഉപസംഹാരം**

ഡോ. കെ. അയ്യപ്പപ്പണിക്കർ മലയാള കവിതയിലെ ആധുനികതയുടെ പ്രോദ്ഘാടകനാണ്. അദ്ദേഹത്തിന്റെ കുരുക്ഷേത്രം എന്ന കവിതയോടെയാണ് മലയാള കവിതയിലെ ഭാവുകത്വ പരിണാമമാരംഭിക്കുന്നത്. പ്രമേയത്തിലും ആഖ്യാനത്തിലും വൈവിധ്യം പുലർത്തുന്ന അദ്ദേഹത്തിന്റെ കവിതകൾ കാവ്യസങ്കല്പങ്ങളെത്തന്നെ മാറ്റിമറിച്ചു. ഹാസ്യത്തിന്റെ സാധ്യകൾ പലതായി അദ്ദേഹം കവിതയിൽ ഉപയോഗിച്ചിട്ടുണ്ട്. കറുത്തഹാസ്യവും ആക്ഷേപഹാസ്യവും രാഷ്ട്രീയാക്ഷേപഹാസ്യവും അതിൽപ്പെടുന്നു.

അധികാരത്തിന്റെ മൂല്യച്യുതികളെ ഹാസ്യാത്മകമായ ആവിഷ്ക്കരിക്കുന്ന സാഹിത്യകൃതികളാണ് രാഷ്ട്രീയാക്ഷേപഹാസ്യങ്ങൾ. പരിഹാസം സാമാന്യമായ വസ്തുതകളെ വിശേഷവത്ക്കരിക്കുന്നതിനുപയോഗിക്കുന്ന ഒരു ഉപാധിയാണ്. സാഹിത്യവും കലയും ഈ രീതി വളരെക്കാലം മുൻപുതന്നെ പിൻതുടരുന്നുണ്ട്. കൂടിയാട്ടത്തിലെ പരിഹാസനാടകങ്ങൾ പ്രത്യേകിച്ച് ഹാസ്യാർണ്ണവംപോലുള്ളവ ഇതിനുദാഹരണമാണ്. കേരളത്തിലെ നാടോടി നാടകരൂപങ്ങളായ പൊറാട്ടുനാടകവും കാക്കാരിശ്ശിനാടകവും രാഷ്ട്രീയാക്ഷേപഹാസ്യത്തിന്റെ പരിധിയിൽപെടുന്നു. ചാക്യാർകൂത്ത്, തുള്ളൽ മുതലായ കലാരൂപങ്ങളും

ഏകകേന്ദ്രിതാധികാരത്തേയും ഫ്യൂഡൽ വ്യവസ്ഥയേയും ലക്ഷ്യബോധത്തോടെ പരിഹസിക്കുന്നുണ്ട്. റിയലിസവും ആധുനികതയും ഈ മാതൃകകൾ പരീക്ഷിച്ചിട്ടുണ്ട്. എൻ.വി. കൃഷ്ണവാര്യരുടെ എലികൾ, ചെമ്മനം ചാക്കോയുടെ ആളില്ലാക്കസേരകൾ എന്നീ കവിതകൾ ഉദാഹരണങ്ങളാണ്. ആധുനിക കവികളിൽ ഈ മാർഗ്ഗം ഫലപ്രദമായി ഉപയോഗിച്ചത് അയ്യപ്പപ്പണിക്കരാണ്.

അധികാരത്തിന്റെ മൂല്യശോഷണത്തെ ആവിഷ്ക്കരിക്കാൻ വൈവിധ്യപൂർണ്ണമായ ആഖ്യാനമാതൃകകളാണ് അദ്ദേഹം ഉപയോഗിച്ചത്. സംവാദാത്മകരീതി, പാരഡി, കാർട്ടൂൺ, കവിത, വിരുദ്ധോക്തി, പ്രതീകാത്മകാവതരണം എന്നിങ്ങനെ ഭാഷകൊണ്ടും, കെട്ടുമുറകൊണ്ടും പുതുമകൾ സൃഷ്ടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. സാറും സാറാമ്മയും, പാമ്പ്, പാർട്ട് ടൈം ഗാന്ധിയൻ, നിങ്ങൾ പറയുന്നു, ഞാനൊരു ത്യാഗി തുടങ്ങിയ കവിതകളാണ് രാഷ്ട്രീയാക്ഷേപഹാസ്യ കവിതകൾ. രാഷ്ട്രീയം സമ്മതർ, വിസമ്മതർ എന്നീ രണ്ടുവിഭാഗങ്ങളെ ഉൾക്കൊള്ളുന്നു. ഇവർ തമ്മിലുള്ള സംഘർഷമാണ് കവിതയിലെ രാഷ്ട്രീയത്തിനടിസ്ഥാനം. എന്നാൽ കവിതയിൽ സംഘർഷാവസ്ഥകളില്ല.

അപചയം നേരിടുന്ന അധികാരവ്യവസ്ഥയെ നിർവികാരതയുടെ ചൂണ്ടുവിരൽ കൊണ്ട് അടയാളപ്പെടുത്തുക മാത്രമാണ് കവി ചെയ്യുന്നത്. അധികാരവ്യവസ്ഥയുടെ സാമൂഹികപ്രസക്തിയിലാണീ കവിതകളുടെ നിലനിൽപ്പ്.

**കുറിപ്പുകൾ**

1. ശബ്ദതാരാവലി
2. പുറം 32, The Oxford English Dictionary Second Edition, Vol. XII
3. J.A. Simpson and ESC Weiner, Carendon Press, Oxford 1989
4. Page 12, Political Geography, Painter Joe, Jefry Alex 2009
5. Page 34, Introducing Social Theory, Polity Press, Paper Back 2011.
6. Page 60, New Social Theory reader Ed. Stevon Seidman and Jefry C. Alexander, Routledge, London and Newyork 2001.
7. അയ്യപ്പപ്പണിക്കരുടെ കവിതകൾ 2000–2006 – പുറം 59
8. അയ്യപ്പപ്പണിക്കരുടെ കവിതകൾ 2000–2006 – പുറം 59

9. അയ്യപ്പപ്പണിക്കരുടെ കവിതകൾ 2000–2006 – പുറം 59
10. അയ്യപ്പപ്പണിക്കരുടെ കവിതകൾ – പുറം 93
11. അയ്യപ്പപ്പണിക്കരുടെ കവിതകൾ – പുറം 104
12. അയ്യപ്പപ്പണിക്കരുടെ കവിതകൾ – പുറം 105
13. അയ്യപ്പപ്പണിക്കരുടെ കവിതകൾ – പുറം 189
14. അയ്യപ്പപ്പണിക്കരുടെ നർമ്മ സംഭാഷണങ്ങളും കവിതകളും – പുറം 101

**Bibiliography:**

1. അയ്യപ്പപ്പണിക്കർ കെ. ഡോ. – അയ്യപ്പപ്പണിക്കരുടെ കവിതകൾ, 2000–2006, ഡി.സി. ബുക്സ് കോട്ടയം, 2015.
2. അയ്യപ്പപ്പണിക്കർ കെ. ഡോ. – അയ്യപ്പപ്പണിക്കരുടെ നർമ്മസംഭാഷണങ്ങളും കവിതകളും, ഡി.സി. ബുക്സ്, കോട്ടയം, 2015.
3. ജോർജ്ജ് കെ.എം. (എഡി), സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, സാഹിത്യപ്രവർത്തന സഹകരണ സംഘം, കോട്ടയം, 1984.
4. പത്മനാഭപിള്ള ശ്രീകണ്ഠേശ്വരം – ശബ്ദതാരാവലി, ഡി.സി. ബുക്സ്, 2018.
5. Johns pip, Bradburry Liz & Bountillier Le Shaun - Introducing Social Theory, Polity Press, Paper Back ,2011.
6. Painter Joe, Jefry Alex - Political Geography - Sage Publication, 2009.
7. Seidman Stevon & Alexander C Jefry - New Social Theory Reader, Routledge London, Newyork, 2001.
8. Simpson J.A and ESC Weiner, The Oxford English Dictionary Second Edition, Vol-X11, Carendon Press, Oxford, 1989.